SS. A.O / EDCA
48372
26/9

## കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - വിവരാവകാശ നിയമം 2005 - എയിഡഡ് മേഖലയിലെ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതു വിദ്യാഭ്യാസ ( പി എസ്) വകുപ്പ്

സ.ഉ (സാധാ) നം.3905 /2013/പൊ വി വ          തീയതി, തിരുവനന്തപുരം, 24 .09.2013.

---

പരാമർശം : 1. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 02.02.2013 ലെ 968(3)/2012/ എസ് ഐ സി നമ്പർ അപ്പീൽ പെറ്റീഷനിലെ ഉത്തരവ്

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09.04.2013 ലെ ഒ &എം (3) / 17107/13/ഡി.പി.ഐ നമ്പർ കത്ത്.

## ഉത്തരവ്

ശ്രീമതി. കെ. വി . സിനിമോളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷ സംസ്ഥാന വിവരാവകാശ കമ്മീഷൻ തീർപ്പ് കൽപിക്കുന്നതിന് മുമ്പ് കമ്മീഷൻ എയ്ഡഡ് സ്കൂൾ മാനേജർമാരെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരായി നിയമിച്ചിട്ടുണ്ടോ എന്ന് ആരായുകയും എയ്ഡഡ് സ്കൂൾ മാനേജർമാരെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരായി നാമനിർദ്ദേശം ചെയ്തിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തു. എയിഡഡ് സ്കൂളിലെ അദ്ധ്യാപകരുടെ പൂർണ്ണമായിട്ടുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും പെൻഷൻ അടക്കം നൽകുന്നത് സർക്കാരാണെന്നും അതുകൊണ്ടുതന്നെ അവരെ നിയമിക്കുന്നതിൽ മാനേജർക്ക് സർക്കാരിനോട് ബാധ്യതയുണ്ടെന്നും സർക്കാരിന്റെ നേരിട്ടുള്ള ധനസഹായം കൊണ്ടാണ് സ്കൂളുകൾ നടത്തുന്നതെന്നും, സർക്കാരിൽ നിന്നും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥനെ നിയമിക്കുന്നത് മാനേജരാകയാൽ, എന്നാൽ ടിയാൻ പൊതു അധികാരിയല്ലാത്തതിനാൽ നിരവധി നിയമനം മുതലായ കേസുകളിൽ വിവരങ്ങൾ ലഭ്യമല്ലാതെ പോകുന്നുവെന്നും കമ്മീഷൻ വിലയിരുത്തി. എയിഡഡ് സ്കൂൾ മാനേജർമാരെ ഒരു പൊതു അധികാരിയായി നിശ്ചയിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിലപാട് പുന: പരിശോധിച്ച് വ്യക്തമായ തീരുമാനമെടുക്കണമെന്ന് കമ്മീഷൻ പരാമർശം I ലെ ഉത്തരവിൽ നിർദ്ദേശം നൽകിയിരിക്കുന്നു എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഹയർ സെക്കണ്ടറിയിലെയും

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെയും മാനേജർമാർ കൂടി ഉൾപ്പെടുന്ന വിഷയമായതിനാൽ ഈ വിഷയത്തിൽ പൊതു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എയിഡഡ് മേഖലയിലെ സ്കൂളുകളിൽ താഴെ പറയും പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വിഭാഗം | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | അപ്പീൽ അധികാരി |
|---|---|---|
| എൽ. പി/ യു .പി/ ഹൈ സ്കൂൾ | മാനേജർ | ബന്ധപ്പെട്ട അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ |
| ഹയർ സെക്കണ്ടറി | മാനേജർ | ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ. |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി | മാനേജർ | വൊക്കേഷണൽ ഹയർ സെക്കണ്ടറി റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

വി. രത്നമ്മ,

ഡെപ്യൂട്ടി സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ
ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ
വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ- കേരളം, പുന്നൻ റോഡ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ പ്രോജക്ട്, തിരുവനന്തപുരം. ( പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് ( പ്രസിദ്ധപ്പെടുത്തുന്നതിന്)
പൊതു ഭരണ ( ഏകോപന) വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും /എല്ലാ ഓഫീസർമാർക്കും

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Endt. No. AcdC1/48372/13 Dated

For information of all Concerned

17/10/13

Joint Director
(Academic)

DIRECTORATE OF HIGHER SECONDARY EDUCATION
Thiruvananthapuram
Date